LIBRARY ARCHIVES Kerala Legislative Assembly

കുന്നമംഗലം നിയോജകമണ്ഡലത്തിലെ പൊതുകുളം നവീകരണം

198 (863) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നമംഗലം നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന പൊതുകുളം നവീകരണത്തിനായി എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ പദ്ധതികളിലായി കുന്നമംഗലം നിയോജകമണ്ഡലത്തിലെ പൊതുകുളം നവീകരണത്തിനായി മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന പത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. ഇതിൽ ഏഴെണ്ണം പൂർത്തീകരിച്ചു. ഒരെണ്ണം പുരോഗമിക്കുന്നു. രണ്ടെണ്ണം ചില സാങ്കേതിക കാരണങ്ങളാൽ റദ്ദ് ചെയ്തു.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

ജലസമ്പാദ്യ പദ്ധതി

199 (864) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ജലസംരക്ഷണത്തിനും ജല ശുദ്ധീകരണത്തിനുമായി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ദേശീയ സമ്പാദ്യ പദ്ധതിയുമായി ചേർന്നാണ് ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചത്. ജലവിനിയോഗത്തിൽ സ്വീകരിക്കേണ്ട മിതത്വം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ, കിണർ പരിപാലന മാർഗ്ഗങ്ങൾ, ജലഗുണ നിലവാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയിൽ വിവിധ സന്ദേശങ്ങൾ സംസ്ഥാനത്തെ എൺപത് ലക്ഷം ഭവനങ്ങളും സന്ദർശിച്ച് പ്രചരിപ്പിക്കുക എന്നതാണ് ജലസമ്പാദ്യ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small check dams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) Sub Surface dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശ്രുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജലശ്രുദ്ധീകരണത്തിനായി പ്രഷർ ഫിൽട്ടർ, ക്ലോറിനേറ്റർ, അയൺ റിമൂവൽ പ്ലാന്റ്, ടെറാഫിൽ ഫിൽട്രേഷൻ യൂണിറ്റുകൾ, എക്കോളജിക്കൽ വാട്ടർ പ്യൂരിഫയർ, സിൽവർ അയണൈസേഷൻ, ആർ.ഒ.പ്ലാന്റ് എന്നീ മാർഗ്ഗങ്ങൾ ജലശ്രുദ്ധീകരണത്തിനായി പദ്ധതിയിൽ ഉൾപ്പെടുത്തിവരുന്നു. ജലസംരക്ഷണം, ജലഗുണനിലവാരം, മഴവെള്ള സംഭരണം എന്നീ വിഷയങ്ങളിൽ അറിവ് പകരുന്ന ജലശ്രീ കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്യുവരുന്നു. ജലസംരക്ഷണം അടിസ്ഥാനമാക്കിയുള്ള ലഘുലേഖകൾ തയ്യാറാക്കി സംസ്ഥാനത്തെ വീടുകളിൽ എത്തിക്കുന്നു.

(ഡി) സി.സി.ഡി.യു. ധനകാര്യവകുപ്പിന്റെ കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതിയുമായി സഹകരിച്ചാണ് ജലസമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly